**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5134** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഗിഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. ടി. ജെ. വിനോദ്, ശ്രീ. എം. വിൻസെന്റ്, ശ്രീമതി ഉമ തോമസ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗിഗ് തൊഴിലാളികളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഗിഗ് തൊഴിലാളികളുടെ എണ്ണം തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല. |
| (ബി) | ഗിഗ് തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പഠനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഓൺലൈൻ ഭക്ഷണവിതരണ മേഖലയിലെ തൊഴിൽ തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി മേഖല ഉൾപ്പെടുന്ന ഗിഗ് മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി സാങ്കേതിക രംഗത്ത് വൈദഗ്ധ്യമുള്ള വിവിധ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗിഗ്/പ്ലാറ്റ്ഫോം തൊഴിലാളി നിർവചനത്തിലുൾപ്പെടുന്ന മുഴുവൻ തൊഴിലാളികളുടേയും തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും അവരുടെ പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുമായി കേരള സംസ്ഥാന പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബിൽ എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മേൽ ബിൽ നിയമമാകുന്ന മുറയ്ക്ക് ഗിഗ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽ സ്ഥിരതയും മറ്റാനുകൂല്യങ്ങളും പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ